കയർ ഉൽപ്പാദനം

39 (1380)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ സംസ്ഥാനത്ത് എന്ത് തുകയ്ക്കുള്ള കയറും കയർ ഉൽപ്പന്നങ്ങളും ഉൽപാദിപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വർഷാവസാനം വിറ്റഴിയാതെ ബാക്കിയായത് എത്ര എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 1999 വർഷം സംസ്ഥാനത്ത് സഹകരണ മേഖലയിൽ 36.54 കോടിയോളം രൂപയുടെ കയറും കയറുൽപ്പന്നങ്ങളുമാണ് ഉൽപാദിപ്പിച്ചത്.

(ബി) വർഷാവസാനം 7 കോടിയോളം രൂപയുടെ കയറും കയറുൽപ്പന്നങ്ങളുമാണ് വിറ്റഴിയാതെ ബാക്കിയുള്ളത്.

സ്വകാര്യ ടെക്സ്റ്റൈൽ മില്ലുകൾ

40 (1383)ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. പി.ജെ. ജോയി .
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ടെക്സ്റ്റൈൽ മില്ലുകൾ ഉണ്ട്;

(ബി) ഇവ നേരിടുന്ന വിഷമതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രശ്നങ്ങൾക്ക് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 16 എണ്ണം

(ബി) തുണി വ്യവസായത്തിൽ കഴിഞ്ഞ രണ്ടര വർഷമായി അനുഭവപ്പെട്ടുവരുന്ന പൊതു മാന്ദ്യത്തിന്റെയും നവീകരണത്തിന്റെ കുറവിനാലുള്ള ഉൽപ്പാദന ചെലവുകളുടെ വർദ്ധനമൂലവും, ഗുണമേന്മകളുടെ കുറവിനാലും സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം നഷ്ടത്തിലാണ്. ഇപ്രകാരം നഷ്ടത്തിലുള്ള പ്രവർത്തനഫലമായി ഈ മില്ലുകളിൽ ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെയും നവീകരണ-വികസന പ്രവർത്തനങ്ങൾക്കു വേണ്ട ധനലഭ്യതയുടെയും കുറവ് സാരമായി അനുഭവപ്പെടുന്നു.

(സി) യന്ത്രസാമഗ്രികളുടെ സമഗ്രമായ നവീകരണത്തിലൂടെയും തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധനവിലൂടെയും ഈ സ്പിന്നിംഗ് മില്ലുകളുടെ ഉൽപാദന ചെലവുകളും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും ഈ വ്യവസായത്തിലെ മുൻനിരക്കാരോടൊപ്പമാക്കിയാൽ മാത്രമേ മാറിയ വാണിജ്യ സാഹചര്യങ്ങളിൽ ഇവയുടെ പ്രവർത്തനം ലാഭകരമാക്കാനാവുക

LIBRARY ARCHIVES Kerala Legislative Assembly